# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2304 – 14/06/2019 - ലെ മറുപടിക്ക്

### എജ്യൂക്കേഷണൽ ലോൺ റീപേയ്മെന്റ് സപ്പോർട്ട് സ്കീം

**ചോദ്യം** | **ഉത്തരം**

**ശ്രീ.ജോർജ് എം. തോമസ്**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | എജ്യൂക്കേഷണൽ ലോൺ റീപേയ്മെന്റ് സപ്പോർട്ട് സ്കീം അനുസരിച്ച് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്രപേർക്ക് ആനുകൂല്യങ്ങൾ നൽകി എന്നും വിശദമാക്കാമോ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിലെ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത പദ്ധതി പ്രകാരം 78062 അപേക്ഷകളാണ് ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ളത്. അതിൽ 5400 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്. ബാങ്കിൽ നിന്നുള്ള പരിശോധനകൾക്കു ശേഷം SLBC ശുപാർശയോടെ 11/06/2019 വരെ 22,258 അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഓൺലൈനായി സമർപ്പിക്കപ്പെട്ട ബാക്കി അപേക്ഷകൾ ബാങ്കിന്റെ വിവിധ തലങ്ങളിൽ പരിശോധനയിലാണ്. സർക്കാരിൽ ലഭിച്ച 22,258 അപേക്ഷകളിൽ 16174 അപേക്ഷകളിന്മേൽ സർക്കാർ വിഹിതമായി 156.73 കോടി രൂപ അനുവദിക്കുകയും ആയത് ബന്ധപ്പെട്ട ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. സർക്കാരിൽ ലഭിച്ചിട്ടുള്ള മറ്റ് അപേക്ഷകളിന്മേൽ അനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) | പദ്ധതിയിൽ നിന്നും എത്ര രൂപയുടെ ആനുകൂല്യങ്ങൾ ഇതുവരെ നൽകിയെന്ന് വ്യക്തമാക്കാമോ; | |
| (സി) | പദ്ധതി തുടരുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;വിശദമാക്കുമോ? | 31/03/2016 ന് ഉള്ളിൽ തിരിച്ചടവ് വരുന്നവരെ ഉൾപ്പെടുത്തി കൊണ്ട് ആരംഭിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ |

| | | |
|---|---|---|
| | | പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ടി പദ്ധതിയിൽ ലഭിച്ച അപേക്ഷകളിന്മേലുള്ള സഹായ വിതരണമാണ് ഇപ്പോൾ നടന്നു വരുന്നത്. പുതിയ അപേക്ഷകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുമെന്നതിനാൽ ടി പദ്ധതിയിൽ പുതിയ അപേക്ഷകൾ ഉൾപ്പെടുത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**